**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2215 **09.03.2018** - ലെ മറുപടിക്ക്

## പട്ടികജാതി വികസന കോർപ്പറേഷൻ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന കോർപ്പറേഷൻ പട്ടികജാതി കോളനികൾ ദത്തെടുത്ത് വികസിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കുടുംബശ്രീയുമായി ചേർന്ന് വനിതാ ഗ്രൂപ്പുകൾക്ക് മൈക്രോ ഫൈനാൻസിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി കുടുംബശ്രീയുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്നതിനായി മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഭൂരഹിത കർഷകത്തൊഴിലാളികളെ ഭൂഉടമകളാക്കുന്ന പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | "കൃഷിഭൂമി വായ്പ പദ്ധതി " പ്രകാരം പട്ടിക ജാതിയിൽപ്പെട്ട ഭൂരഹിത കർഷക ത്തൊഴിലാളികൾക്ക് 30 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പരമാവധി 4 ലക്ഷം രൂപ വായ്പ നൽകുന്നു. |
| (ഡി) | വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ പുന:രധിവാസത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഇല്ല. എന്നാൽ വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പുന:രധിവസിപ്പിക്കുന്ന തിനുള്ള ഒരു വായ്പാ പദ്ധതി കോർപ്പറേഷൻ പരിഗണിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ